# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ഐ.സി.പി.എസ് - ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്പെഷ്യൽ റപ്പർച്ചർ ശ്രീ.ജേക്കബ് പുന്നൂസിന്റെ സന്ദർശനം - ആവശ്യമായ തയ്യാറെടുക്കൽ നടത്തുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 21.04.2017-ലെ 29/2-28/2016 Common (Protocol) നമ്പർ കത്ത്

**ഉത്തരവ് നമ്പർ ICPS 2/9900/2017 തീയതി : 24/04/2017**

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ദക്ഷിണ മേഖലയിലെ സ്പെഷ്യൽ റപ്പർച്ചർ ആയ ശ്രീ. ജേക്കബ് പുന്നൂസ് 2017 ഏപ്രിൽ 24 മുതൽ 30 വരെ ആലപ്പുഴ, എറണാകുളം ജില്ലകൾ സന്ദർശിയ്ക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആക്റ്റിന്റെ നിർവ്വഹണത്തെക്കുറിച്ച് അവലോകനം ചെയ്യാനും ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാരോട് ചർച്ച നടത്താനുമാണ് പ്രധാനമായും അദ്ദേഹം ജില്ലകളിൽ സന്ദർശനം നടത്തുന്നത്. അതോടൊപ്പം അദ്ദേഹം സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ഏതാനും ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളും മറ്റു ക്ഷേമ സ്ഥാപനങ്ങളും സന്ദർശിയ്ക്കുന്നതാണ്. അദ്ദേഹത്തിന്റെ ടൂർ പ്രോഗ്രാം അനുബന്ധമായി വച്ചിട്ടുണ്ട്.

പ്രസ്തുത ടൂർ പ്രോഗ്രാം പ്രകാരം നൂറനാട് ചിൽഡ്രൻസ് ഹോം, കാക്കനാട് ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, എറണാകുളം ഹോം ഫോർ ഫിസിക്കലി ഹാൻറിക്യാപ്ഡ് എന്നീ നാലു സ്ഥാപനങ്ങൾ അദ്ദേഹം സന്ദർശിയ്ക്കുന്നതാണ്. എങ്കിലും സമീപസ്ഥാപനങ്ങളും സന്ദർശിയ്ക്കുവാനിടയുണ്ട്.

അദ്ദേഹത്തിന്റെ സന്ദർശനത്തിനു വേണ്ടുന്ന എല്ലാ ഏർപ്പാടുകളും വകുപ്പ് നടത്തേണ്ടതായുണ്ട്. അദ്ദേഹം ജില്ലകളിലെത്തുമ്പോൾ സമുചിതമായി സ്വീകരിക്കുകയും അദ്ദേഹത്തെ അനുഗമിയ്ക്കുകയും വേണം. ഇതിനു വേണ്ടി ആലപ്പുഴ, എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരെ ലെയ്സൺ ഓഫീസർമാരായി നിയോഗിക്കുന്നു. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അതാതു ജില്ലകളിലെ ജില്ലാ സപ്ലൈ ഓഫീസർമാരുമായി ആലോചിച്ച് അദ്ദേഹത്തെ സ്വീകരിയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

അദ്ദേഹം സ്ഥാപനങ്ങളിലെത്തുമ്പോൾ സമുചിതമായ സ്വീകരണം സ്ഥാപനഅധികൃതർ നൽകേണ്ടതാണ്. സ്ഥാപനത്തിന്റെ ലഘുചരിത്രം, ഉദ്ദേശലക്ഷ്യങ്ങൾ, താമസക്കാരുടെ വിവരങ്ങൾ, അവർക്കു നൽകുന്ന സേവനങ്ങൾ, പ്രത്യേകമായി സംഘടിപ്പിക്കുന്ന പരിപാടികൾ എന്നിവ സംബന്ധിച്ച സംക്ഷിപ്തമായ റിപ്പോർട്ട് തയ്യാറാക്കി ഡി.റ്റി.പി എടുത്ത് ഫോൾഡറാക്കി അദ്ദേഹത്തിനു നൽകണം.

PTO

അദ്ദേഹത്തിൻെറ സന്ദർശന തീയതി ജില്ലാ സപ്പൈ ഓഫീസർമാരുമായി ബന്ധപ്പെട്ട് ഉറപ്പു വരുത്തേണ്ടതാണ്.

സന്ദർശന വേളയിൽ അദ്ദേഹത്തിന് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല എന്ന് ലെയ്സൺ ഓഫീസർമാർ ഉറപ്പു വരുത്തണം.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
ആലപ്പുഴ

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
എറണാകുളം

പകർപ്പ്

1. സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ
2. സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം, കാക്കനാട്, എറണാകുളം
3. സൂപ്രണ്ട്, ഒബ്സർവേഷൻ ഹോം, കാക്കനാട്, എറണാകുളം
4. സൂപ്രണ്ട്, ഹോം ഫോർ ഫിസിക്കലി ഹാൻറിക്യാപ്പ്ഡ്, തേവര, എറണാകുളം.
5. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ആലപ്പുഴ, എറണാകുളം
6. ബന്ധപ്പെട്ട സെക്ഷൻ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്
7. സ്റ്റോക്ക് ഫയൽ

24.4.17

Forwarded by Program Officer
Integrated Child Protection Scheme (ICPS)